# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.**2840** — 22.06.2012- ലെ മറുപടിക്ക്

## ഇ- ഗവേണൻസ് പദ്ധതി

**ചോദ്യം**

**ശ്രീ. വി.. ഡി.. സതീശൻ**
**,, ലൂഡി ലൂയിസ്**
**,, അൻവർ സാദത്ത്**
**,, പി . എ . മാധവൻ**

**ഉത്തരം**

**ശ്രീ. കെ.സി. ജോസഫ്**
( ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

(എ) സാം പിട്രോഡ നിർദ്ദേശിച്ച ഇ-ഗവേണൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയെ ദേശീയ നോളജ് നെറ്റ്വർക്കിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ബന്ധപ്പെടുത്തുന്ന പദ്ധതിയുമായി എങ്ങനെ സംയോജിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടുകൂടിയാണ് ആയത് നടപ്പിലാക്കുവാനുദ്ദേശിക്കുന്നത്;വിശദമാക്കുമോ?

(എ) മുതൽ (ഡി) വരെ: സംസ്ഥാനത്തിന്റെ മാർഗ്ഗനിർദ്ദേശിയായ ശ്രീ. സാംപിട്രോഡ സംസ്ഥാന മുഖ്യമന്ത്രിയുമായി 2012 ജനുവരി 25-ന് നടത്തിയ ചർച്ചയിൽ സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനായി 10 പദ്ധതികൾ നിർദ്ദേശിക്കുകയുണ്ടായി . അതിൽ പ്രധാനപ്പെട്ട ഒരെണ്ണമാണ് ഇ-ഗവേണൻസ്. പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കിയിട്ടില്ല. വിശദാംശങ്ങൾ തയ്യാറാക്കുന്നതിനായി ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ.**